# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.02.2025**

### പ്രധാനവാർത്തകൾ

1. കേരളത്തിൻറെ പൊതുവിദ്യാഭ്യാസ മേഖല സാക്ഷ്യം വഹിക്കുന്നത് വൻ മാറ്റങ്ങൾക്കെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2. ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ച് റെയിൽവേ; മരണസംഖ്യ 18 ആയി.

3. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 300 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

4. ആശാവർക്കർമാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുഭാവപൂർവ്വമായ നിലപാടാണുള്ളതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്.

5. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയ്ൻറ്സ്- യു പി വാരിയേഴ്സ് പോരാട്ടം; ഐഎസ്എല്ലിൽ ഇന്ന് മുഹമ്മദെൻ എസ് സി-ഈസ്റ്റ് ബംഗാളിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&

**മുഖ്യമന്ത്രി കണ്ണൂർ (ഇൻട്രോ)**

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് പൊതു സമൂഹം വലിയപങ്കു വഹിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

കണ്ണൂർ പെരളശ്ശേരി എ.കെ.ജി. സ്മാരക ഗവ. ഹയർ സെക്കൻ്ററി സ്കൂളിൻറെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 20 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായി.

&&&&&&&&&&&&&&&

**മഹാകുംഭമേള- അപകടം**

RNUTVPM

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ തിക്കിലും തിരക്കിലും പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് റെയിൽവേ 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും, ഗുരുതരമായി പരിക്കേറ്റവർക്ക് രണ്ടര ലക്ഷം രൂപയും നൽകുമെന്നും റെയിൽവേ അറിയിച്ചു. ഇന്നലെ രാത്രി 10 മണിയോടെയാണ് ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ അപകടമുണ്ടായത്. മരണസംഖ്യ 18 ആയി ഉയർന്നു. ഇതിൽ 11 സ്ത്രീകളും 5 കുഞ്ഞുങ്ങളും ഉൾപ്പെടുന്നു. മഹാകുംഭമേളയിൽ പങ്കെടുക്കാൻ പ്രയാഗ്‌രാജിലേക്കുള്ള ട്രെയിൻ കാത്തുനിന്നവരാണ് അപകടത്തിൽപെട്ടത്. ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും

അനുശോചനം രേഖപ്പെടുത്തി. സംഭവത്തിൽ ഉന്നതതല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## കാരുണ്യ ആരോഗ്യ സുരക്ഷാ

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 300 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഈ സാമ്പത്തിക വർഷം ഇതുവരെ 978.54 കോടി രൂപയാണ് പദ്ധതിക്കായി നൽകിയത്. രണ്ടാം പിണറായി സർക്കാർ ആകെ 4,267 കോടിയോളം രൂപ കാസ്പിനായി ലഭ്യമാക്കിയതായി മന്ത്രി അറിയിച്ചു. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ 700 കോടി രൂപയും വകിയിരുത്തിയിട്ടുണ്ട്. കുടുംബത്തിന് പ്രതിവർഷം അഞ്ചുലക്ഷം രൂപവരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന കാസ്പിൽ 41.99 ലക്ഷം കുടുംബങ്ങൾക്കാണ് സൗജന്യ ചികിത്സ ഉറപ്പാക്കുന്നത്.

RIJU TVPM

&&&&&&&&&&&&&&&

## കോഴിക്കോട്- വനം വകുപ്പ് കേസെടുത്തു

കൊയിലാണ്ടി കുറുവങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ ഉത്സവത്തിനിടെ ആന ഇടഞ്ഞ് മൂന്ന് പേർ മരിച്ച സംഭവത്തിൽ വനം വകുപ്പ് കേസെടുത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. സംഭവത്തിൽ വനം വകുപ്പിൻറ പരിശോധനയിൽ നാട്ടാന പരിപാലന നിയമ ലംഘനം കണ്ടെത്തിയതിനെ തുടർന്നാണ് വകുപ്പ് നിയമനടപടികൾ തുടങ്ങിയത്.

&&&&&&&&&&&&&&&

## പി രാജീവ്- ഇൻവെസ്റ്റ്

ഈ മാസം 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ 25 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികൾ പങ്കെടുക്കുമെന്ന് മന്ത്രി പി രാജീവ്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

**പേവിഷമുക്ത കോട്ടയം**

പേവിഷ മരണങ്ങളില്ലാത്ത ജില്ലയായി കോട്ടയത്തെ മാറ്റുന്നതിനുള്ള **പേ വിഷമുക്ത** കോട്ടയം പദ്ധതിക്ക് തുടക്കം. റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമായാണ് പരിപാടി നടപ്പാക്കുന്നത്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&

**ആദി മഹോത്സവ്- രാഷ്ട്രപതി**

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്ര വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&

**ആശാവർക്ക സമരം**

ആശാവർക്കർമാരുടെ ആവശ്യങ്ങളോട് സർക്കാരിന് അനുഭാവപൂർവ്വമായ നിലപാടാണുള്ളതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ്. ആശമാർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനമാണ് കേരളം.

RNU TVPM

ഇൻസെൻറീവ് വർദ്ധിപ്പിക്കാൻ കേന്ദ്രത്തിന് നിവേദനം നൽകിയിരുന്നതായും മന്ത്രി പറഞ്ഞു. എന്നാൽ സമരവുമായി മുന്നോട്ട് പോകുമെന്ന് ഭാരവാഹികൾ അറിയിച്ചു. സെക്രട്ടറിയേറ്റിനു മുന്നിൽ കഴിഞ്ഞ ഏഴ് ദിവസമായി ആശാവർക്കർമാർ സമരത്തിലാണ്. ഈ മാസം 20 ന് സെക്രട്ടറിയേറ്റിന് മുന്നിൽ ആശാവർക്കർമാരുടെ മഹാസംഗമം നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

**&&&&&&&&&&&&&&&**

<u>ദേശീയപാത നിയന്ത്രണം ( ഇൻട്രോ )</u>

ദേശീയപാത നവീകരണത്തെ തുടർന്ന് ആലപ്പുഴ എറണാകുളം റൂട്ടിൽ നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കി. അരൂർ മുതൽ തുറവൂർ വരെ 12.75 കിലോമീറ്റർ ദൂരത്തിൽ ഉയരപ്പാത നിർമ്മാണം നടത്തുന്നതിനാൽ വലിയ വാഹനങ്ങൾ സമാന്തരപാത വഴി പോകണമെന്ന് നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ
പ്രതിനിധി ആർ രവികുമാർ.....
( വോയിസ്...)

**&&&&&&&&&&&&&&&**

<u>നിലമ്പൂർ മെമു</u>

നിലമ്പൂരിലേക്ക് പുതിയ മെമു സർവീസ് ആരംഭിക്കുന്നതിൻറെ ഭാഗമായി ഇന്നലെ പരീക്ഷണ ഓട്ടം നടത്തി. എറണാകുളത്ത് നിന്നുള്ള മെമു നിലമ്പൂർക്ക് നീട്ടണമെന്ന ദീർഘകാലങ്ങളായുള്ള ആവശ്യമാണ് യാഥാർഥ്യമാകുന്നത്. ഹ്രസ്വ-മധ്യ ദൂര സർവീസിന് ഉപയോഗിക്കുന്ന മെമു പുതിയ സമയക്രമം നിശ്ചയിച്ച് ഉടനെ നിലമ്പൂർക്ക് സർവീസ് തുടങ്ങുമെന്നാണ് വിവരം.

**&&&&&&&&&&&&&&&**

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വൻറി-20 ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ ഗുജറാത്ത് ജയ്ൻറ്സ്, യു പി വാരിയേഴ്സുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് വഡോദരയിലാണ് മത്സരം.ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ ഡൽഹി ക്യാപ്പിറ്റൽസ് വിജയിച്ചു.

&&&&&&&&&&&&&&&

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ മുഹമ്മദെൻ എസ് സി, ഈസ്റ്റ് ബംഗാളിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&

## താപനില

സംസ്ഥാനത്ത് താപനിലയിൽ ഇന്നും വർദ്ധനയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചിലയിടങ്ങളിൽ പകൽ താപനില 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കും. രാവിലെ 11 മണിമുതൽ 3 മണിവരെയുള്ള സമയത്ത് ജനങ്ങൾ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&

## ചൂട് കോട്ടയം- (ഇൻട്രോ)

കോട്ടയത്ത് ഒരാഴ്ചയായി ചൂട് വലിയ തോതിൽ ഉയരുന്നു. പകൽ താപനിലയിൽ വലിയ വർധനയാണ് ഈ ദിവസങ്ങളിൽ രേഖപ്പെടുത്തിയത്.

RNUTVPM

കൂടുതൽ വിവരങ്ങളുമായി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു...
(വോയിസ്...)

&&&&&&&&&&&&&&&

**മാരാമൺ കൺവൻഷൻ**

കോഴഞ്ചേരി മാരാമൺ പമ്പാ മണൽപ്പുറത്തു നടന്നുവന്ന130-ാമത് മാരാമൺ കൺവൻഷന് ഇന്ന് സമാപനം. ഉച്ചയ്ക്ക് 2.30 നു നടക്കുന്ന സമാപന സമ്മേളനത്തിൽ മാർത്തോമാ സഭ പരമാധ്യക്ഷൻ ഡോ.തിയഡോഷ്യസ് മാർത്തോമ മെത്രാപ്പൊലീത്ത സമാപന സന്ദേശം നൽകും. ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൂട്ടായ്മയായി കണക്കാക്കപ്പെടുന്ന കൺവൻഷനിൽ പങ്കെടുക്കാൻ ലക്ഷക്കണക്കിനു വിശ്വാസികളാണ് കൺവൻഷൻ നഗരിയിൽ എത്തിയത്.

&&&&&&&&&&&&&&&

**പടയപ്പ- മൂന്നാർ**

ഇടുക്കി മൂന്നാറിലെ ജനവാസ മേഖലയിൽ ഭീതി പടർത്തി കാട്ടാന പടയപ്പ. മാട്ടുപ്പെട്ടി റോഡിൽ ഇന്ന് രാവിലെ കാട്ടാന ഒരു വഴിയോരക്കട തകർത്തു. ആർ ആർ ടി സംഘമെത്തി പടയപ്പയെ കാട്ടിലേക്ക് തുരത്തി. ഇന്നലെ രാത്രി മൂന്നാർ ഉദുമൽപ്പെട്ട് അന്തർ സംസ്ഥാന പാതയിൽ നിലയുറപ്പിച്ച കാട്ടാന ബൈക്ക് യാത്രികരെ ആക്രമിച്ചിരുന്നു. കാട്ടുകൊമ്പൻ പടയപ്പ മദപ്പാടിലാണെന്നും ജാഗ്രത പുലർത്തണമെന്നും വനം വകുപ്പ് നിർദേശം നൽകി.

&&&&&&&&&&&&&&&

**ആർ എം വാസഗം അന്തരിച്ചു**

മുതിർന്ന ബഹിരാകാശ ശാസ്ത്രജ്ഞനും ഇന്ത്യയുടെ ആദ്യ വാർത്താവിനിമയ പരീക്ഷണ ഉപഗ്രഹം ആപ്പിളിന്റെ പ്രൊജക്റ്റ്

RNU TVPM

ഡയറക്ടറുമായ ആർ എം വാസഗം അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ബംഗലുരുവിലെ വീട്ടിലായിരുന്നു അന്ത്യം. അറുപതുകളിൽ തിരുവനന്തപുരം തുമ്പയിൽ ആരംഭിച്ച റോക്കറ്റ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ഗ്രൂപ്പിലെ കൺട്രോൾ ആന്റ് ഗൈഡൻസ് സിസ്റ്റം എൻജിനിയറായാണ് അദ്ദേഹം ജോലിയിൽ പ്രവേശിച്ചത്. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന് തുടക്കമിട്ട പ്രവർത്തനങ്ങളിൽ നിർണായക പങ്ക് വഹിച്ച അദ്ദേഹം മൂന്നു പതിറ്റാണ്ടു കാലം ഐഎസ്ആർഒയുടെ ഭാഗമായിരുന്നു.

&&&&&&&&&&&&&&&

**<u>കുഷ്ഠരോഗ നിർമ്മാർജ്ജനം- കോഴിക്കോട്</u>**

ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടി -അശ്വമേധം 6.0 ക്യാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ പരിശോധനയ്ക്ക് വിധേയരാക്കിവരിൽ നിന്നും രോഗലക്ഷണങ്ങളുള്ള 1,269 പേരെ തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി റഫർ ചെയ്തു. ജനുവരി 30 ന് ആരംഭിച്ച ക്യാമ്പയിൻ ഈ മാസം 22 ന് അവസാനിക്കും.

&&&&&&&&&&&&&&&

**<u>തേനീച്ച കുത്തേറ്റ് മരിച്ചു</u>**

കണ്ണൂർ കോളയാടിനടുത്ത് തേനീച്ചയുടെ കുത്തേറ്റ് ചികിത്സയിലായിരുന്ന വയോധികൻ മരിച്ചു. ആലച്ചേരി സ്വദേശി ഗംഗാധരനാണ് മരിച്ചത്. വീട്ടുപറമ്പിൽ നിന്ന് വെള്ളിയാഴ്ചയാണ് തേനീച്ചയുടെ കുത്തേറ്റത്.

&&&&&&&&&&&&&&&

&&&&&&&&&

&&&

RNI TVPM